നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 2, തിങ്കൾ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 32

(നിയമസഭ 1979 ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.)

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം 756

ഹോമിയോ കോളേജ് സ്റ്റാഫ് അസോസിയേഷന്റെ നിവേദനം

* 695 [756] ശ്രീ. കല്ലട നാരായണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ കോളേജ് സ്റ്റാഫ് അസോസിയേഷന്റെ ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിലെ ഡിമാന്റുകൾ എന്തെല്ലാം;

(സി) അവ ഓരോന്നിനേയും സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ): (എ) വിവിധതീയതികളിലായി ഒന്നിലധികം നിവേദനങ്ങൾ തിരുവനന്തപുരം ഹോമിയോമെഡിക്കൽകോളേജ് സ്റ്റാഫ് അസോസിയേഷനിൽനിന്നും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) നിവേദനത്തിലെ ആവശ്യങ്ങളും അവ സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നടപടികളും അനുബന്ധമായി ചേർത്തിട്ടുള്ള കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. *

ശ്രീ. കല്പട നാരായണൻ: ഹോമിയോ കോളേജ് സ്റ്റാഫ് അസോസിയേഷനും മാനേജുമെന്റും തമ്മിൽ എന്തെങ്കിലും ചർച്ചനടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പി. പ്രഭാകരൻ: തിരുവനന്തപുരം ഹോമിയോകോളേജ് സ്റ്റാഫും മാനേജുമെന്റുമായി ഒരു ഒത്തുതീർപ്പുണ്ടായതു 16-3-78-ലാണ്. അവരുടെ ശമ്പളസ്കെയിൽ പ്രഖ്യാപിച്ചുകൊണ്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥകൾ ഇനിയും പൂർണ്ണമായി നടപ്പാക്കിയിട്ടില്ലെന്നുള്ള വിവരം ലഭിച്ചിട്ടുണ്ട്.

ശ്രീ. കല്പട നാരായണൻ: കുറിച്ചിയിലെ ഹോമിയോകോളേജ് സ്റ്റാഫ് അസോസിയേഷൻ എന്തെങ്കിലും നിവേദനം തന്നിട്ടുണ്ടോ, അതിൻമേൽ തീരുമാനം വല്ലതുമെടുത്തിട്ടുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: കുറിച്ചി സ്റ്റാഫ് അസോസിയേഷൻ അവരുടെ ആവശ്യങ്ങളുന്നയിച്ചിരുന്നു. അവിടെ ഒരു സമരം നടന്നിരുന്നു. 17-11-78-ലാണ് അതിൻമേൽ തീരുമാനമുണ്ടായതു. അതനുസരിച്ച് പല കാര്യങ്ങളും നടപ്പാക്കിക്കഴിഞ്ഞതായിട്ടാണ് ഗവൺമെന്റിനു കിട്ടിയ അറിവ്.

ശ്രീ. എൻ. രാമകൃഷ്ണൻ നായർ: ഹോമിയോകോളേജിലെ സ്റ്റാഫിനു ഡയറക്ടർ പേമെന്റ് വേണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് വളരെ വർഷങ്ങളായി പല നിവേദനങ്ങളും സമർപ്പിച്ചിട്ടും നാളിതുവരെ പൂർണ്ണമായ ഒരു തീരുമാനമെടുക്കാതിരിക്കാനെന്താണ് കാരണം? എത്രയും വേഗം തീരുമാനമെടുക്കുന്നതിനു ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഡയറക്ടർ പേമെന്റിന്റെ കാര്യത്തിലുള്ള സ്റ്റാഫിന്റെയും മാനേജുമെന്റിന്റെയും അഭ്യർത്ഥന കുറെനാളായി ഗവൺമെന്റിന്റെ മുൻപിലുണ്ട്. അതെപ്പറ്റി സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. പലകാര്യങ്ങളും പരിശോധിച്ചശേഷം മാത്രമേ അവസാനമായി ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളു. ഡയറക്ടർ പേമെന്റ് നടപ്പാക്കിയ ൽ അതിവിടെ മാത്രമായി ഒതുങ്ങിനിൽക്കുമോ അതോ ഇതിനെത്തുടർന്ന് മറ്റുപലസ്ഥാപനങ്ങൾക്കും അതുകൊടുക്കേണ്ടിവരുമോ എന്നൊക്കെയുള്ള പല കാര്യങ്ങളും ആലോചിക്കേണ്ടതുണ്ട്.

ശ്രീ. പി. ശങ്കർ: ഹോമിയോകോളേജ് സ്റ്റാഫിനു മെഡിക്കൽ കോളേജ് സ്റ്റാഫിന്റെ പാറ്റേൺ അംഗീകരിച്ചുകിട്ടണമെന്നാവശ്യപ്പെട്ടിട്ടില്ലേ? എന്താണതിൽ യാതൊരുനടപടിയും കൈക്കൊള്ളാത്തത്?

ശ്രീ. കെ. പി. പ്രഭാകരൻ: മാനേജുമെന്റാണ് ഇപ്പോഴും ശമ്പളം കൊടുക്കുന്നത്. മാനേജുമെന്റ് ഫീസ് വസൂലാക്കുന്നുണ്ട്. വരുമാനവും ചെലവും തമ്മിലുള്ള അന്തരം നോക്കി കമ്മിയുടെ മൂന്നിൽ രണ്ടുഭാഗം ഗവൺമെന്റ് ഗ്രാന്റായി കൊടുക്കുകയാണിപ്പോഴും ചെയ്യുന്നത്. ഗവൺമെന്റ് കോളേജുകളിലെ ശമ്പളം കൊടുക്കാൻ ഇന്നത്തെ സ്ഥിതിയിൽ

* അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെൻറിന് കഴിയുമെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ചുള്ള ശമ്പളസ്കെയിലും ഗവൺമെൻറ് സ്കെയിലിനേക്കാൾ താഴ്ന്നതാണ്.

ശ്രീ. പി. കരുണാകരൻ: ഹോമിയോകോളേജ് സ്റ്റാഫ് അസോസിയേഷൻ ചന്ദ്രഭാനു കമ്മീഷന് റിപ്പോർട്ടിൽ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു നിവേദനം തന്നിട്ടുണ്ടോ? മുൻപു രണ്ടുതട്ടുകളിലായിരുന്ന വേതനം ഇപ്പോൾ മൂന്നു തട്ടുകളായിട്ടാണോ ശുപാർശചെയ്തിട്ടുള്ളത്? അങ്ങനെയാണെങ്കിൽ ഈ രംഗത്തെ മെഡിക്കലാഫീസർമാരോട് ഇത്തരമൊരു പ്രത്യേകത കാണിക്കുന്നതെന്തിനാണ്?

ശ്രീ. കെ. പി. പ്രഭാകരൻ: ഹോമിയോകോളേജിലെ സ്റ്റാഫ് അസോസിയേഷൻ ചന്ദ്രഭാനുക്കമ്മീഷനിൽ വരുന്നില്ല.

ശ്രീ. പി. ആർ. കുറുപ്പ്: ഗവൺമെൻറ് നേരിട്ട് ഹോമിയോകോളേജ് നടത്തുന്നുണ്ടോ? ഗവൺമെൻറ് കോളേജിലെ ശമ്പളസ്കെയിലും പ്രൈവറ്റ് കോളേജിലെ ശമ്പളസ്കെയിലും തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. കെ. പി. പ്രഭാകരൻ: സാരമായവ്യത്യാസമുണ്ട് പഴയ സ്കെയിലനുസരിച്ച് പ്രിൻസിപ്പാളിന് (ഗവൺമെൻറ്കോളേജ്) 560-1100 ആണ്. ഹോമിയോകോളേജിൽ 375-800 ആണ്. ലക്ചറർ (ഗവൺമെൻറ് കോളേജ്) 410-715 ആണ്. ഹോമിയോകോളേജിൽ 225-450 ആണ്. പ്യൂൺ (ഗവൺമെൻറ്കോളേജ്) 196-265 ആണ്. ഹോമിയോകോളേജിൽ 70-115 ആണ്. 16-3-78-ലെ ഒത്തുതീർപ്പനുസരിച്ച് പുതുക്കിയസ്കെയിൽ ഇപ്രകാരമാണ്. പ്രിൻസിപ്പാൾ 435-835, ലക്ചറർ 375-800. നിലവിലുണ്ടായിരുന്നതിൽനിന്നു അല്പം കൂടി വർദ്ധനവേ വരുത്തിയിട്ടുള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവൺമെൻറ് എന്തുനിശ്ചയിച്ചാലും കൊടുക്കുകയില്ല, എത്ര സമരം നടത്തിയാലും അനങ്ങുകയില്ല എന്നനയം സ്വീകരിച്ചിരിക്കുന്ന ആളുകളാണ് ഈ കോളേജുകൾ നടത്തുന്നത്. അതുകൊണ്ടാണ് ഡയറക്ട് പേമെൻറ് നടപ്പാക്കണമെന്ന് ഇവർ ആവശ്യപ്പെട്ടത്. അതിൻമേൽ എന്തു നിലപാടാണു ഗവൺമെൻറ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അതിനെറ ബുദ്ധിമുട്ടു ഞാൻ പറഞ്ഞതാണ്. ഇപ്പോൾ അവരുടെ ചെലവിൽ കമ്മിവരുന്നതിനെറ മൂന്നിൽ രണ്ടു ഭാഗമേ ഗവൺമെൻറ് കൊടുക്കുന്നുള്ളു. ഡയറക്ട് പേമെൻറ് നടപ്പാക്കിയാൽ മുഴുവൻ ചെലവും ഉത്തരവാദിത്വവും ഗവൺമെൻറിനു വഹിക്കേണ്ടിവരും. ഗ്രാൻഡ്-ഇൻ-എയ്ഡ് റൂൾ അനുസരിച്ച്, അവർ കൊടുത്ത ശമ്പളത്തിനെറ കണക്കനുസരിച്ചാണ് ഗവൺമെൻറ് വിഹിതം കൊടുക്കുന്നത്. ഗവൺമെൻറ് കൊടുക്കുന്നതുക അഡ്വാൻസായി കൊടുക്കണമെന്നാണ് പലപ്പോഴും അവർ ആവശ്യപ്പെട്ടിട്ടുള്ളത്. കുറിച്ചികോളേജിലേക്കു കൊടുക്കാനുള്ളതെല്ലാം കൊടുത്തുതീർത്തിട്ടുണ്ട്. 25 ശതമാനം അഡ്വാൻസും കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ഡയറക്ടർ പേമെന്റ് നടപ്പാക്കുന്നകാര്യത്തിൽ സഹകാര്യമാനേജുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ കോളേജും ആയുർവ്വേദകോളേജും മാത്രമാണ് ഇനി ബാക്കിയുള്ളത്. ഈ രണ്ടുകൂട്ടരുടെയും കാര്യംകൂടെ പരിഗണിക്കാൻ എന്താണിത്ര താമസം?

ശ്രീ. കെ. പി പ്രഭാകരൻ: ബഹുമാനപ്പെട്ട മെംബറുടെ ആ അറിവു ശരിയല്ല. ഇനിയും ഡയറക്ടർ പേമെന്റ് നടപ്പിലാക്കിയിട്ടില്ലാത്ത അനവധി വിദ്യാഭ്യാസസ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഡിപ്ലോമാകോഴ്സ്മാത്രമേ ഇപ്പോൾ സഹകാര്യ മേഖലയിൽ നടത്തുന്ന കോളേജുകളിലുള്ളു. ഇതേ പാറേണിലുള്ള സഹകാര്യമേഖലവേറെയുമുണ്ട്. അതായത് ഐ. ടി. ഐ, ഇഞ്ചിനീയറിംഗ് മുതലായവ. ഇവിടെയൊന്നും ഡയറക്ടർപേമെന്റ് ആയിട്ടില്ല. ഇവിടെ ഡയറക്ടർപേമെന്റ് നടപ്പാക്കിയാൽ അത് ഇതുപോലെയുള്ള മറ്റു മേഖലകളെക്കൂടെ ബാധിക്കുമോ എന്നു പരിശോധിച്ച ശേഷം മാത്രമേ ഒരു അവസാന തീരുമാനമെടുക്കാൻ കഴിയുകയുള്ളു എന്നതാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട്.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ബഹുമാനപ്പെട്ട രാമകൃഷ്ണൻ ഇവിടെ പറഞ്ഞതു തെറ്റാണ്. കുറിച്ചി ഹോമിയോ കോളേജിൽ പുതുക്കിയ ശമ്പളസ്കെയിൽ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതു ഗവൺമെന്റിനു ബോധ്യമില്ലേ?

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. മുൻപു കൊടുക്കാത്തതിന്റെ പേരിലാണ് സമരം നടന്നത്. 77-78-ലെയും 78-79-ലെയും കുടിശ്ശിക കൊടുക്കാത്തതുകൊണ്ടാണ് വീണ്ടും സമരം നടത്തിയത്. 17-11-78-നു ശേഷം കൊടുത്തുവരുന്നുണ്ട്. രണ്ടു ലക്ചറർമാരെ റെഗുലറൈസ് ചെയ്യാനുള്ള നിർദ്ദേശമുണ്ടായിരുന്നു, അതിനു ഗവൺമെന്റ് അപ്രൂവലും കൊടുത്തു.

ആശുപത്രികളിലെ അംഗീകൃത സ്റ്റാഫ് പാറേൺ

* 696 [757] ശ്രീ. എം. വി. രാഘവൻ:

,, എം. കെ. കൃഷ്ണൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ:

,, പിണറായി വിജയൻ:

,, പി. കരുണാകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിലെ അംഗീകൃത സ്റ്റാഫ് പാറേൺ പ്രകാരമുള്ള ജീവനക്കാർ ഇല്ലാത്ത ആശുപത്രികളിൽ അവരെ നിയമിക്കാൻ എന്തെങ്കിലും നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, എന്തുകാരണത്താലെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

2-4-1979–ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 695 [756] കാണുക

1. അകാരണമായ് സ്റ്റാഫിന്റെ പേരിൽ ശിക്ഷണ നടപടികളും എടുക്കാതിരിക്കുക. 2. കോളേജിൽ ആവശ്യമായ പഠന സൗകര്യങ്ങളും ഏർപ്പെടുത്തുക.	മാനേജുമെന്റും സ്റ്റാഫ് അസോസിയേഷനുമായി ചർച്ച ചെയ്ത് ഒത്തുതീർപ്പാക്കി.
3. സേവന വേതന വ്യവസ്ഥകളും നിജപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുക.	സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ആരോഗ്യവകുപ്പു സെക്രട്ടറിയുമായി 16-3-1978 ൽ ചർച്ചചെയ്ത് ഒരു അവാർഡ് നിർദ്ദേശിച്ചു. ഈ അവാർഡ് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു.
4. കോളേജ് മാനേജിംഗ് കമ്മിറ്റി ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ട് പുനഃസംഘടിപ്പിക്കുക.	കോളേജ് മാനേജുമെന്റ് 14-12-1978 ലെ ജി. ഒ. ആർ. ഡി. 3672/78 അനുസരിച്ച് ശ്രീ. വിദ്യാധിരാജാ വിദ്യാ സമാജത്തിനു വിട്ടുകൊടുത്തിട്ടുണ്ട്.
5. 1978-ൽ തിരുവനന്തപുരം ഹോമിയോ മെഡിക്കൽകോളേജിലെ സമരത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറിയുമായി നടന്ന ഒത്തുതീർപ്പു വ്യവസ്ഥയിൽ അംഗീകരിച്ച അവാർഡ് നടപ്പിൽ വരുത്തുക. 6. ശമ്പള സ്കെയിലിലുള്ള അപാകതകളും പരിഹരിക്കുക.	സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറിയുമായി 16-3-1978-ൽ ചർച്ച ചെയ്ത് ഒരു അവാർഡ് നിർദ്ദേശിച്ചു. ഈ അവാർഡ് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.
7. സസ്പെൻഷനിൽ നിൽക്കുന്ന അദ്ധ്യാപകരെ തിരിച്ചെടുക്കുക.	ഈ ആവശ്യം ഹോമിയോപ്പതി ഡയറക്ടറുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.